**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 945** **09-10-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ നിയോജക മണ്ഡലത്തിലെ ടിമ്പർ സെയിൽസ് ഡിപ്പോകളുടെ ഡിവിഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ പുനലൂർ നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന അച്ചൻകോവിൽ, ആര്യങ്കാവ്, തെന്മല, കുളത്തുപ്പുഴ ടിമ്പർ സെയിൽസ് ഡിപ്പോകളുടെ ഡിവിഷൻ ഓഫീസ്, പ്രസ്തുത പ്രദേശങ്ങളിൽ നിന്നും ഏറെ ദൂരത്ത് മറ്റൊരു ജില്ലയിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അച്ചൻകോവിൽ, ആര്യങ്കാവ്, തെന്മല, കുളത്തുപ്പുഴ ടിംബർ സെയിൽസ് ഡിപ്പോകളുടെ ഡിവിഷൻ ഓഫീസ് തിരുവനന്തപുരത്താണ് സ്ഥിതി ചെയ്യുന്നത്. കേരള ത്തിൽ ആകെ ആറ് ടിംബർ സെയിൽസ് ഡിവിഷനുകളാണ് ഉള്ളത്. തിരുവനന്തപുരം, പുനലൂർ, കോട്ടയം, പെരുമ്പാവൂർ, പാലക്കാട്, കോഴിക്കോട് എന്നിവ. കേരളത്തിലെ ടിംബർ സെയിൽസ് ഡിവിഷനുകൾ ജില്ലാ അടിസ്ഥാനത്തിലല്ല രൂപീകരിച്ചിട്ടുള്ളത്. ഒന്നിലധികം ജില്ലകളിലെ ടിംബർ ഡിപ്പോകൾ ഓരോ ടിംബർ സെയിൽസ് ഡിവിഷന്റെയും കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ ഡിപ്പോകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും, ജീവനക്കാരുടെ സർവീസ് സംബന്ധമായ കാര്യങ്ങളുടെ നടത്തിപ്പിനും പ്രസ്തുതദൂരം വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ ഈ ഡിപ്പോകളുടെ ഡിവിഷൻ ഓഫീസ് അവയുടെ മധ്യഭാഗമായ തെന്മലയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഈ വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ